# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2743

17.06.2019-ലെ മറുപടി

## ജലവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ആർ. രാമചന്ദ്രൻ<br>,, ഇ.കെ.വിജയൻ<br>,, മുഹമ്മദ് മുഹസിൻ പി. | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജലവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ചോർച്ചയുള്ള പഴയ പൈപ്പുകൾ കണ്ടെത്തി സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഫണ്ട് , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവർത്തികൾ, കിഫ്ബി, നബാർഡ്, അമൃത് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയും, കൂടാതെ എം.എൽ.എ/എം.പി മാരുടെ ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ചും പൈപ്പുകൾ മാറ്റി സ്ഥാപിച്ച് ജല നഷ്ടം കുറക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br>കുടിവെള്ള സ്രോതസ്സുകളുടെ ശുദ്ധീകരണം. താല്ക്കാലിക തടയണകൾ സ്ഥാപിക്കുക, ഇൻഫിൽട്രേഷൻ ഗ്യാലറികൾ പ്രവർത്തനക്ഷമമാക്കുക, പമ്പ് സെറ്റുകളുടെ പ്രവർത്തനക്ഷമത കൂട്ടുക, പുതിയ വിതരണ ശൃംഖലകൾ സ്ഥാപിക്കുക, ജല വിതരണ ശൃംഖലകളുടെ സംയോജിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളിലൂടെ ജല വിതരണം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച 61 കുടിവെള്ളപദ്ധതികളിൽ 56 കുടിവെള്ള പദ്ധതികൾക്ക് 3800.694 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ബാക്കി 161.08 കോടി രൂപയുടെ 4 കുടിവെള്ള പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. ശേഷിക്കുന്ന ഒരു പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016-17-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 11 സർക്കിളുകളിലായി നടപ്പിലാക്കാനായി 433.33 കോടി രൂപയ്ക്ക് സർക്കാരിൽ നിന്നും തത്വത്തിൽ അനുമതി നൽകി, കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇവയിൽ 10 സർക്കിളുകളിലെ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം മൂവാറ്റുപുഴ, തൃശ്ശൂർ, മലപ്പുറം,പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പ്രൊപ്പോസലുകൾക്ക 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. കൂടാതെ 1) സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 449.44 കോടി രൂപക്കും 2) നബാർഡിൽ 308.33 കോടി രൂപക്കും 3) അമൃതിൽ 1039.27 കോടി രൂപക്കും ഈ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ആവിഷ്കരിച്ച ബ്ലൂ ബ്രിഗേഡ് സംവിധാനം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | പൈപ്പ് ലൈനുകളിലെ പൊട്ടൽ, ലീക്കുകൾ എന്നിവ വാട്ടർ അതോറിറ്റി നേരിട്ടുതന്നെ പരിഹരിക്കാനുള്ള അടിയന്തിര സംവിധാനമാണ് ബ്ലൂ ബ്രിഗേഡ് യൂണിറ്റുകൾ. പൈപ്പ് ലീക്കുകൾക്കു പുറമേ വാൽവ് നിയന്ത്രണം, ഗാർഹിക കണക്ഷനുകളിലെ ലീക്കുകൾ പരിഹരിക്കൽ, കണക്ഷൻ വിഛേദിക്കൽ, ഗാർഹിക കണക്ഷനുകൾ നൽകൽ തുടങ്ങിയവയും ബ്ലൂ ബ്രിഗേഡ് യൂണിറ്റുകൾ വഴി ചെയ്തു വരുന്നുണ്ട്.<br>തിരുവനന്തപുരം നഗരത്തിൽ 2010 മുതൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| (സി) | ജലവിതരണവും ബിൽവിവരങ്ങളും, പൈപ്പ് പൊട്ടൽ ഉൾപ്പെടെയുള്ള പരാതികളും സംബന്ധിച്ച ഉപഭോക്താക്കളുടെയും പരാതികൾ കൈകാര്യം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | കുടിവെള്ള വിതരണത്തെക്കുറിച്ചും പൈപ്പ് പൊട്ടലിനെക്കുറിച്ചും പൊതുജനങ്ങൾക്കും ജന പ്രതിനിധികൾക്കുമുള്ള പരാതികൾ സ്വീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകൾ വഴിയും ജനമിത്ര സോഫ്റ്റ് വെയർ വഴിയും (എല്ലാ ഡിവിഷൻ ഓഫീസുകളിലും) സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രസ്തുത പരാതികൾ യഥാസമയം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ജനങ്ങളുടെ പരാതി പരിഹാര സംവിധാനം നിരീക്ഷിക്കാനും സമയബന്ധിതമായി പരിഹരിച്ചു എന്ന് ഉറപ്പു വരുത്താനുമായി ആണ് ജനമിത്ര സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്തിട്ടുള്ളത്. വരൾച്ച കാലയളവിൽ സ്പെഷ്യൽ കൺട്രോൾ റൂം തുറന്ന് പ്രവർത്തിച്ച് വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. ബിൽ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ യഥാസമയം തന്നെ പരിഹരിച്ചു വരുന്നു. സംസ്ഥനത്തുടനീളമുള്ള പരാതികൾ രജിസ്റ്റർ ചെയ്യാനും പരിഹാര മാർഗ്ഗങ്ങൾ നിരീക്ഷിക്കുവാനും കേന്ദ്രകാര്യാലയത്തിൽ Complaint Receiving Cell പ്രവർത്തിച്ചു വരുന്നു. 1800-425-5313 എന്ന ടോൾ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ഫ്രീ നമ്പരിൽ ഉപഭോക്താക്കൾക്ക് പരാതി രജിസ്റ്റർ ചെയ്യുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരാതിർത്തിയിലെ പരാതികൾ രജിസ്റ്റർ ചെയ്യുവാൻ 24 X 7 പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സംവിധാനം വെള്ളയമ്പലത്ത് പ്രവർത്തിച്ചു വരുന്നു. |
| (ഡി) | വെസ്റ്റ് കൊച്ചി ജലവിതരണ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോ; പശ്ചിമ കൊച്ചിയുടെ ദീർഘകാല ആവശ്യമായിരുന്ന പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | പ്രസ്തുത പേരിൽ ഒരു കുടിവെള്ള പദ്ധതിയില്ല. എന്നാൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പശ്ചിമ കൊച്ചിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി വിവിധ പ്രവർത്തികൾ ചെയ്തിട്ടുണ്ട്. പെരുമാനൂർ പമ്പ് ഹൗസ് മുതൽ തേവര പാലം വരെയുള്ള ഭാഗം ഒഴിച്ച് 700 എം.എം ഡിഐ/700 എം.എം ബി.ഡബ്ല്യൂ.എസ്.സി പൈപ്പ് ഉപയോഗിച്ച് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ മട്ടാഞ്ചേരി പാലത്തിന്റെ പടിഞ്ഞാറേ അറ്റം മുതൽ കരുവേലിപ്പടി പമ്പ് ഹൗസ് വരെയുള്ള 700 എം.എം പ്രിമോ പൈപ്പിനു പകരം 700 എം.എം ഡിഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തി 15/07/2017 ൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മട്ടാഞ്ചേരി പാലത്തിന്റെ അടിയിൽ കേടായതും പഴയതുമായ 600 എം.എം എംഎസ് പൈപ്പ് മാറ്റി പുതിയ പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തിയും 11/09/16 ൽ പൂർത്തീകരിച്ചിട്ടുണ്ട്.<br>ജനറം പദ്ധതിയുടെ പ്രയോജനം പശ്ചിമ കൊച്ചിക്കു ലഭിക്കുന്നതിനായി മരട് ശുദ്ധീകരണ ശാലയിൽ നിന്നും കൊച്ചിൻ പോർട്ടിലേക്കുള്ള പമ്പിംഗ് മെയിനും മട്ടാഞ്ചേരി പാലത്തിൽ പുതിയതായി സ്ഥാപിച്ച 600 എം.എം എംഎസ് പൈപ്പുമായി 700 എം.എം ഡിഐ പൈപ്പ് സ്വിഫ്റ്റ് ജംഗ്ഷൻ മുതൽ മട്ടാഞ്ചേരി പാലം വരെ സ്ഥാപിച്ച് കൂട്ടി യോജിപ്പിച്ചതു വഴി 15 എം.എൽ.ഡി അധിക ജലം കരുവേലിപ്പടി പമ്പ് ഹൗസിൽ എത്തിച്ച് വിതരണം നടത്തി വരുന്നു. ഈ അധിക ജലം കരുവേലിപ്പടി പമ്പ് ഹൗസിൽ എത്തിക്കുന്നതിനായി മട്ടാഞ്ചേരി പാലത്തിലുള്ള പഴയ 600 എം.എം എം.എസ് പൈപ്പും മട്ടാഞ്ചേരി പാലം മുതൽ കരുവേലിപ്പടി പമ്പ് ഹൗസ് വരെയുള്ള പഴയ പ്രിമോ പൈപ്പും നിലവിൽ ഉപയോഗിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**